# Desabhimani

# 15 July 2018

# Tirur, Bharatapuzha, Cattle

### ഭാരതപ്പുഴയുടെ തുരുത്തിൽ 11 കന്നുകാലികൾ

## രക്ഷകരായി ദേശീയ ദുരന്തനിവാരണ സേന

**തിരൂർ**

ഭാരതപ്പുഴയുടെ തുരുത്തിൽ അകപ്പെട്ട 11 കന്നുകാലികളെ ദേശീയ ദുരന്തനിവാരണ സേന രക്ഷപ്പെടുത്തി. തിരുന്നാവായയിലും തവനൂരിലുമായി രണ്ട് ദിവസമായി നടന്ന അക്ഷീണ പ്രവർത്തനത്തിലൂടെ എട്ട് പശുക്കളേയും മൂന്ന് പോത്തുകളെയുമാണ് പുഴയിൽനിന്നും കരകയറ്റിയത്.

കന്നുകാലി മാഫിയാ സംഘങ്ങളാണ് ഭാരതപ്പുഴയുടെ നടുവിലുള്ള തുരുത്തിലേക്ക് കന്നുകാലികളെ കയറ്റിവിടുന്നത്. ഇവ വളർന്നുകഴിയുമ്പോൾ മാംസ കച്ചവടക്കാർക്ക് വിൽപ്പന നടത്തുകയുമാണ് പതിവ്. പുഴയിൽ ജലനിരപ്പ് ഉയർന്നതോടെ തുരുത്തിലുള്ള കന്നുകാലികൾ ഭയം മൂലം ബഹളമുണ്ടാക്കി. റവന്യൂ അധികൃതരെയും മൃഗസംരക്ഷണ മന്ത്രിയടക്കമുള്ള അധികൃതരെയും വിവരമറിയിക്കുകയായിരുന്നു. വെള്ളിയാഴ്ച വൈകിട്ടോടെയാണ് ദേശീയ ദുരന്തനിവാരണ സേന സ്ഥലത്തെത്തിയത്.